## പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)

## കൺവീനറുടെ നടപടിക്രമം

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന. ശ്രീമതി. പ്രേമ സുകുമാരൻ,മീഞ്ചിറക്കാട്, കാക്കയൂർ, കൊട്ടുവായൂർ എന്നവർ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024</u>**

മേൽ സൂചന (1) പ്രകാരം ശ്രീമതി. പ്രേമ സുകുമാരൻ, മീഞ്ചിറക്കാട്, കാക്കയൂർ, കൊട്ടുവായൂർ എന്നവർ നവകേരളസദസ്സ് മുഖേന കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചു കിട്ടുന്നില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ എത്തി ഫയൽ പരിശോധിച്ചു. കരുതലും കൈത്താങ്ങും പ്രകാരം ജില്ലാ ടൗൺപ്ലാനർ നൽകിയ കത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർമ്മാണം പൂർത്തിയായിട്ടുള്ള കെട്ടിടം പരിശോധിച്ച് പ്രസ്തുത നിർമ്മാണം അംഗീകൃത പെർമിറ്റ് പ്രകാരമാണോ എന്നും നിർമ്മാണം കെ.പി.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും വിധേയമായിട്ടാണ് എന്നും പരിശോധിച്ചതിനുശേഷം ചട്ടലംഘനങ്ങൾ ഒഴിവാക്കാവുന്നതാണെങ്കിൽ അപ്രകാരം ചെയ്ത് കെട്ടിടം ക്രമവത്കരിച്ചാൽ മാത്രമേ കെട്ടിടനമ്പർ അനുവിക്കാനാവുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം കെട്ടിടം അംഗീകൃത പെർമിറ്റ് പ്രകാരമല്ല പൂർത്തീകരിച്ചിട്ടുള്ളത് എന്നും, ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പർ അനുവദിച്ചതായി മുൻ രേഖകളിൽ നിന്നും വ്യക്തമായിട്ടുണ്ടെന്നും, പൂർത്തീകരിച്ച ടി കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയയെ വിഭജിച്ച് ഒറ്റമുറിയാക്കിയാണ് നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രൗണ്ട് ഫ്ലോർ പണി പൂർത്തിയാക്കി നമ്പർ കരസ്ഥമാക്കിയ ശേഷം ഒന്നാം നിലയുടെ മുൻവശം റൂഫ് 1.20 മീറ്റർ തള്ളി 3 മീറ്റർ ചട്ടം26(4) അകലം പാലിക്കാതെ ഒന്നാം നിലയിൽ നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നതിനാൽ ഈ കെട്ടിടം KPBR 2019 പാലിക്കുന്നില്ല എന്ന വിവരവും അറിയിച്ചിട്ടുണ്ട്. അപേക്ഷകയിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീമതി. പ്രേമ സുകുമാരൻ, മീഞ്ചിറക്കാട്, കാക്കയൂർ, കൊട്ടുവായൂർ